ചവറ ഐ.ഐ.ഐ.സി.

280(4290) ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണമേഖലയിൽ രാജ്യാന്തര നിലവാരത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷന്റെ പ്രവർത്തനം പ്രതിസന്ധിയിലായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനമോ നിയമനമോ ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) കോവിഡ്കാല പ്രതിസന്ധി ലോകത്തെ വിദ്യാഭ്യാസ മേഖലയെ ആകെ ബാധിച്ച അവസരത്തിൽ ഐ.ഐ.ഐ.സി.-യെയും വളരെ സാരമായി തന്നെ ബാധിച്ചു. 2019-2020 കാലഘട്ടങ്ങളിൽ പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ ജോലി ഉറപ്പാക്കാൻ ബുദ്ധിമുട്ടുകൾ നേരിട്ടു. 2020 മാർച്ച് മുതലുള്ള പതിനഞ്ച് മാസങ്ങളിൽ ആകെ നാല് മാസമാണ് സ്ഥാപനത്തിന് തുറന്നുപ്രവർത്തിക്കാൻ സാധിച്ചത്. പ്രായോഗിക പരിശീലന ക്ലാസ്സുകളും തൊഴിലിടങ്ങളിൽ നിന്നുള്ള നേരിട്ടുള്ള പരിശീലനവുമായിരുന്ന ഐ.ഐ.ഐ.സി.-യെ മറ്റു സ്ഥാപനങ്ങളിൽനിന്ന് വ്യത്യാസപ്പെടുത്തുന്നത്. ഈ ഘട്ടത്തിലും ഓൺലൈൻ പഠന പരിപാടികളിലൂടെ തിയറി ക്ലാസ്സുകളും നിർമ്മാണ തൊഴിലിടങ്ങൾ ഉപയോഗപ്പെടുത്തി പ്രായോഗിക പരിശീലനങ്ങളും പൂർത്തിയാക്കാൻ സാധിച്ചു.

(സി) പ്രസ്തുത സ്ഥാപനത്തെ സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) ഒരു മികവിന്റെ കേന്ദ്രമാണ് IIIC. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാദ്ധ്യതയ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കുക എന്നതാണ് മികവിന്റെ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമാക്കുന്നത്. ഇത്തരം മാതൃകകളിലെല്ലാംതന്നെ ഇതിനാവശ്യമായ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

KASE നൽകുകയാണ് ചെയ്യുന്നത്. എന്നാൽ പരിശീലനം, സർട്ടിഫിക്കേഷൻ, വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെയുള്ള നിയമനം എന്നിവ വ്യാവസായിക പങ്കാളികളുടെ ചുമതലയാണ്. ആയതിനാൽ KASE-ന്റെ മികവിന്റെ കേന്ദ്രങ്ങൾ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെയാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനത്തെ സർക്കാർ ഏറ്റെടുക്കേണ്ട സാഹചര്യം നിലവിലില്ല.

അഗ്രോ മെഷിനറി പവർ എഞ്ചിനീയറിംഗ് കോഴ്സ്

281(4291) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്ക് ആവശ്യമായ ഉപകരണങ്ങളെക്കുറിച്ച് പഠിപ്പിക്കുന്ന എൻ.എസ്.ക്യു.എഫ്. കോഴ്സായ അഗ്രോ മെഷിനറി പവർ എഞ്ചിനീയറിംഗ് (മെക്കാനിക്കൽ സർവ്വീസസ് അഗ്രോമെഷിനറി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കോഴ്സ് കൂടുതൽ സ്കൂളുകളിൽ അനുവദിക്കാൻ തയ്യാറാകുമോ?

3 സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. കൂടുതൽ സ്കൂളുകളിൽ അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാറ്റഗറി നമ്പർ 153/2014 മെക്കാനിക്കൽ സർവീസിംഗ് അഗ്രോമെഷിനറി എന്ന റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിക്കുപോലും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) മെക്കാനിക്കൽ സർവീസിംഗ് അഗ്രോമെഷീനറി കോഴ്സ് പുതിയതായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യ കാരണങ്ങളാലുള്ള ട്രാൻസ്ഫർ

282(4292) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം എംപ്ലോയ്മെന്റ് വകുപ്പിൽ പൊതുമാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി എത്ര ഉദ്യോഗസ്ഥർക്ക് ആരോഗ്യ കാരണങ്ങളാൽ ട്രാൻസ്ഫർ നൽകിയിട്ടുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് വിവരം വെളിപ്പെടുത്താമോ;